"ഭരണഭാഷ - മാതൃഭാഷ"
# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
രജി.ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം-695004, കേരള
വെബ് സൈറ്റ്: www.kseb.in CIN - U40100KL2011SGC027424

ടെലിഫോൺ നമ്പർ : 0471 2514527, 2514455
ഫാക്സ്:0471 2514472
ഇമെയിൽ: pokseb@gmail.com

ചീഫ് പേഴ്സണൽ ഓഫീസറുടെ കാര്യാലയം
വൈദ്യുതി ഭവനം, പട്ടം,
തിരുവനന്തപുരം-695004

നം. പി.എസ്.1 (ബി)/ 69/2019 തീയതി: 25.03.2019

## പരിപത്രം

വിഷയം:- സൂര്യാഘാതം - മുൻകരുതൽ എന്ന നിലയിൽ ജോലി സമയം പുനക്രമീകരിച്ച് ലേബർ കമ്മീഷണർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് - കെ.എസ്.ഇ.ബി ലിമിറ്റഡ് - ജീവനക്കാരുടെ ജോലി സമയ ക്രമീകരണം - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 1) 19.08.2016 – ലെ PS1 A/3393/2016 നമ്പർ പ്രകാരമുള്ള പരിപത്രം.
2) 30.03.2016 – ലെ PS1 A/3393/2016 നമ്പർ പ്രകാരമുള്ള പരിപത്രം.
3) ഉത്തരവ് നമ്പർ ഇഎൻഎഫ് (2)/2793/2019 തീയതി 26.02.2019 പ്രകാരമുള്ള ലേബർ കമ്മീഷണറുടെ നടപടിക്രമം.

KSEB Ltd – ന്റെ ബ്രേക്ക് ഡൗൺ, മെയിന്റനൻസ്, റവന്യൂ വിഭാഗം ജീവനക്കാരായ സബ് എഞ്ചിനീയർ, ഓവർസിയർ, ലൈൻമാൻ, ഇലക്ട്രിസിറ്റി വർക്കർ തുടങ്ങിയ വിഭാഗത്തിൽപെടുന്ന ഷിഫ്റ്റ് ഡ്യൂട്ടി പ്രാബല്യത്തിലുള്ളതും അല്ലാത്തതുമായ സെക്ഷൻ ഓഫീസിലേയും മറ്റ് ഉൽപാദന, പ്രസരണ വിഭാഗം ജീവനക്കാരുടേയും ജോലി സമയം / ഷിഫ്റ്റ് ഡ്യൂട്ടി സമയം തുടങ്ങിയവ മേൽ സൂചന (1), (2) പരിപത്രത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച ജീവനക്കാരുടെ പകൽ ജോലി സമയം / ഷിഫ്റ്റ് ഡ്യൂട്ടി സമയം യഥാക്രമം 8 AM to 5 PM വരെയും 6 AM മുതൽ 2 PM (1st ഷിഫ്റ്റ്) 2 PM മുതൽ 10 PM വരെ (2nd ഷിഫ്റ്റ്) വരെയായി നിജപ്പെടുത്തിയിട്ടുണ്ട്.

സൂചന (3) നടപടിക്രമം പ്രകാരം തൊഴിൽ വകുപ്പ് സൂര്യാഘാത സാദ്ധ്യത ഒഴിവാക്കുന്നതിനുള്ള മുൻകരുതലെന്ന നിലയിൽ വെയിലത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ സമയത്തിൽ ഉച്ചക്ക് 12 : 00 മണി മുതൽ വൈകുന്നേരം 3 : 00 മണി വരെയുള്ള സമയം ഒഴിവാക്കി 2019 ഫെബ്രുവരി 26 മുതൽ ഏപ്രിൽ 30 വരെ ജോലി സമയം പുനക്രമീകരിക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

മേൽ ഉത്തരവ് കണക്കിലെടുത്ത് ചുവടെ സൂചിപ്പിക്കുന്ന നിർദ്ദേശങ്ങൾ KSEB Ltd – ൽ നടപ്പിൽ വരുത്തുന്നതിലേക്കായി പുറപ്പെടുവിക്കുന്നു.

(i) പകൽ ജോലി സമയം / ഷിഫ്റ്റ് ഡ്യൂട്ടി സമയം ബാധകമായിട്ടുള്ള വെയിലത്ത് പണിയെടുക്കേണ്ടി വരുന്ന മേൽ സൂചിപ്പിച്ചിട്ടുള്ള KSEB Ltd ജീവനക്കാരുടെ പ്രവർത്തി സമയത്തിൽ ഉച്ചക്ക് 12 : 00 മണി മുതൽ വൈകുന്നേരം 3:00 മണി വരെയുള്ള സമയം ഒഴിവാക്കേണ്ടതും, സമയബന്ധിതമായി അന്നേ ദിവസം തന്നെ പൂർത്തിയാക്കേണ്ടുന്ന ജോലികൾ പ്രസ്തുത സമയം ഒഴിവാക്കി ചെയ്ത് തീർക്കുവാൻ നിർദ്ദേശം നൽകേണ്ടതാണ്.

(ii) ദൈനംദിനം പൂർത്തീകരിക്കേണ്ടുന്ന ജോലികൾ മുൻകൂറായി തന്നെ വിലയിരുത്തി ജീവനക്കാർക്ക് ചെയ്ത് തീർക്കുവാൻ നിർദ്ദേശം നൽകേണ്ടതും ആയതിലേക്കായി മേൽ സൂചിപ്പിച്ചിട്ടുള്ള 12:00 മണി മുതൽ വൈകുന്നേരം 3 : 00 മണി വരെയുള്ള സമയം ഒഴിവാക്കുന്നത് കണക്കിലെടുത്ത് ജോലി സമയം പ്രസ്തുത സമയത്തിനു മുൻപും ശേഷവുമായി ക്രമീകരിച്ച് അപകട സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനും അറ്റകുറ്റ പണികൾ ചെയ്തു തീർത്ത് വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിലേക്കായുള്ള ജോലികൾ സമയ ബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

(iii) വൈദ്യുതി അപകടം / ജീവഹാനിക്ക് കാരണമായേക്കാവുന്ന ലൈൻ പൊട്ടി വീഴുക, റോഡ് അപകടത്താൽ പോസ്റ്റ് ഒടിയുവാനിടയാകുക തുടങ്ങിയ അടിയന്തിര സാഹചര്യങ്ങളിൽ അപകട സാദ്ധ്യത / ജീവാപായം ഒഴിവാക്കുവാനുള്ള നടപടികൾ ഉടൻ എടുക്കേണ്ടതും, ഒഴിവാക്കുവാനായി നിർദ്ദേശിച്ചിട്ടുള്ള സമയത്തിന് ശേഷം ആയതുമായി ബന്ധപ്പെട്ട മെയിന്റനൻസ് ജോലികൾ ചെയ്തു തീർക്കേണ്ടതാണ്.

(Iv) പ്രവർത്തനങ്ങൾക്ക് മേൽ നോട്ടം വഹിക്കുന്ന ജീവനക്കാർ താപനില ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ ജോലിയിലേർപ്പെട്ടിരിക്കുന്ന ജീവനക്കാരുടെ ശാരീരിക ക്ഷമത ഉറപ്പു വരുത്തുന്നതിലേക്കായുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതും സൂര്യതാപം എൽക്കുവാനുള്ള സാഹചര്യങ്ങളെക്കുറിച്ചും അതൊഴിവാക്കാനായി സ്വീകരിക്കേണ്ടുന്ന പ്രവർത്തന രീതിയെ സംബന്ധിച്ചും അവരെ ബോധവാന്മാരാക്കേണ്ടതുമാണ്.

(v) ഉച്ചക്ക് 12 : 00 മണി മുതൽ വൈകുന്നേരം 3 : 00 മണി വരെ ഒഴിവാക്കിയിട്ടുള്ള സമയത്തിന് മുൻപ് വെയിലത്ത് പണിയെടുക്കേണ്ടി വരുന്ന ജീവനക്കാർക്ക് സൂര്യാഘാതം ഉണ്ടാകുവാനുള്ള സാദ്ധ്യത നിലനിൽക്കുന്നതിനാൽ ആയത് സംഭവ്യമാകുന്ന സാഹചര്യത്തിൽ അടിയന്തിരമായി First aid – ഉം Medical assistance ഉം ഉറപ്പു വരുത്തേണ്ടതാണ്.

(vi) പ്രസ്തുത നിർദ്ദേശങ്ങൾ സൂര്യാഘാത സാദ്ധ്യത നിലനിൽക്കുന്ന കാലഘട്ടത്തിൽ ഉടനീളം പ്രാവർത്തികമാകുന്നുവെന്ന് ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതാണ്.

**ഒപ്പ്**

**സെക്രട്ടറി (ഭരണം)**

പകർപ്പ് : എല്ലാ ചീഫ് എഞ്ചിനീയർമാരും / എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരും
എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാരും
ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
കമ്പനി സെക്രട്ടറി ഇൻ ചാർജ്
ചീഫ് വിജിലൻസ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ.റ്റി)
റീജിയണൽ ഓഡിറ്റ് ഓഫീസർ / ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ
ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
പി. എ ടു ഡയറക്ടർ (ഫിനാൻസ്)
ടി. എ ടു ഡയറക്ടർ (സി. പി & എസ്.സി.എം)
ടി. എ ടു ഡയറക്ടർ (ജി-സി & എച്ച്. ആർ. എം)
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & ഐ.റ്റി)
ടി. എ ടു ഡയറക്ടർ (റ്റി & എസ്.ഒ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

5/3/19